# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 377 – 29/01/2019-ലെ മറുപടിക്ക്

### പുനർനിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ. ജെ. മാക്സി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയം മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം ഐക്യരാഷ്ട്രസഭയുടെ കണക്കുപ്രകാരം എത്രയെന്നും ലോക ബാങ്ക് കണക്കുപ്രകാരം എത്രയെന്നും ധനകാര്യ വകുപ്പിന്റെ കണക്കുപ്രകാരം എത്രയെന്നും വ്യക്തമാക്കുമോ; | പ്രളയം മൂലം, ലോകബാങ്കിന്റെ ആർ.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരവും ഐക്യരാഷ്ട്രസഭയുടെ പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരവും സംസ്ഥാനത്തിനുണ്ടായ നഷ്ടം യഥാക്രമം 25050 കോടി രൂപയും 26996 കോടി രൂപയുമാണ്. |
| ബി | പ്രളയദുരിതാശ്വാസത്തിനും പുന:സൃഷ്ടിയ്ക്കുമായി ലോക ബാങ്കിൽ നിന്നോ ഐക്യരാഷ്ട്രസഭയിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ലഭിച്ച സഹായങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2904.85 കോടി രൂപ ദുരിതാശ്വാസ സഹായമായി ലഭിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിനായി സെസ്സ് ഏർപ്പെടുത്തുവാനുള്ള സംസ്ഥാന നിർദ്ദേശം ജി.എസ്.ടി കൗൺസിൽ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നോ ഒബ്ജക്ഷൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വായ്പ സംബന്ധിച്ച ചർച്ചകൾ ലോകബാങ്ക്, എ.ഡി.ബി., കെ.എഫ്.ഡബ്ല്യു എന്നിവരുമായി നടന്നുവരികയാണ്. |
| സി | ധനകാര്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം പുന:സൃഷ്ടിക്കായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരം പുന:സൃഷ്ടിക്കായി 26985 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

<table>
<tr>
<td>ഡി</td>
<td>കേരള സംസ്ഥാന പുന:സൃഷ്ടിക്കായി കേന്ദ്ര സഹായം, വിദേശ വായ്പ, സാലറി ചലഞ്ച്, ക്രൗഡ് ഫണ്ടിംഗ് എന്നിവ ഉപയോഗിച്ച് ലഭിക്കാവുന്നതായി കണക്കാക്കപ്പെട്ട തുക എത്രയെന്നതിന്റെയും ലഭ്യമായ തുക എത്രയെന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ?</td>
<td>കേരള സംസ്ഥാന പുന:സൃഷ്ടിക്കായി കേന്ദ്ര സഹായം, വിദേശ വായ്പ, സാലറി ചലഞ്ച്, ക്രൗഡ് ഫണ്ടിംഗ് എന്നിവ വഴി പ്രതീക്ഷിച്ച തുകയും ഇതുവരെ ലഭ്യമായ തുകയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)
<table>
<tr><th>ഇനം</th><th>പ്രതീക്ഷിച്ച തുക</th><th>ഇതുവരെ ലഭ്യമായ തുക</th></tr>
<tr><td>കേന്ദ്ര സഹായം</td><td>5616 *<br>5000 **</td><td>2904.85 *</td></tr>
<tr><td>വിദേശ വായ്പ</td><td>7200</td><td>400.00 #</td></tr>
<tr><td>സാലറി ചലഞ്ച്</td><td>2200</td><td>808.00</td></tr>
<tr><td>ക്രൗഡ് ഫണ്ടിംഗ്</td><td colspan="2">വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും സ്പോൺസർഷിപ്പ് മുഖേനയാണ് ക്രൗഡ് ഫണ്ടിംഗ് മോഡൽ നടപ്പിലാക്കുന്നത്.</td></tr>
</table>
* ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച്<br>
** പ്രത്യേക ധനസഹായം വഴി<br>
# ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നോ ഒബ്ജക്ഷൻ അറിയിച്ചിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ